LIBRARY ARCHIVES Kerala Legislative Assembly

2014 :

ഓണാഘോഷ പരിപാടികൾക്കായി ചെലവഴിച്ച തുക- 73,80,180 രൂപ.

ഘോഷയാത്രയ്ക്ക് ചെലവായ തുക-46,93,000 രൂപ.

ലഭിച്ച വരുമാനവും മൊത്തം ചെലവും കണക്കാക്കി വരുന്നു.

(സി) 2011

സ്പോൺസർഷിപ്പ്-50,00,000 രൂപ.

സ്റ്റാൾ റെന്റ്-5,95,770 രൂപ.

2012

സ്പോൺസർഷിപ്പ്-1,05,00,000 രൂപ.

സ്റ്റാൾ റെന്റ്-5,30,000 രൂപ.

2013

സ്പോൺസർഷിപ്പ്-53,39,979 രൂപ.

സ്റ്റാൾ റെന്റ്-10,32,000 രൂപ.

2014

സ്പോൺസർഷിപ്പ്- 50,00,000 രൂപ.

സ്റ്റാൾ റെന്റ്-14,40,700 രൂപ.

(ഡി) നിലവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ടീം ഓരോ വർഷത്തെയും വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്നു.

ടൂറിസം മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായുള്ള നടപടികൾ

316 (1024) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം നാളിതുവരെയായി ടൂറിസം മേഖലയുടെ സർവതോന്മുഖമായ വളർച്ചയ്ക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ടൂറിസം മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പ്രാധാന്യം നൽകി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു :

1. കേരള സീപ്ലെയിൻ പ്രോജക്ട്.
2. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്.
3. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി; ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി, മലയാറ്റൂർ, അതിരപ്പിള്ളി, നിലമ്പൂർ, കക്കയം, പെരുവണ്ണാമൂഴി, ഗോൾഡൻവാലി എന്നിവയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.
4. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായും പ്രധാന പിൽഗ്രിം സെന്ററായ പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, മലയാറ്റൂർ പള്ളി, ചേരമാൻ ജുമാമസ്ജിദ്, ശബരിമല എന്നീ സെന്ററുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ നടപടി ആരംഭിച്ചു കഴിഞ്ഞു.
5. Spice Route in Malabar Zone, കൂടാതെ കേരളത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടെ സാധ്യതാ പഠനം നടത്തി അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) ടൂറിസം മേഖലയെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ Airport-കളിൽ നിലവിലുള്ള Information Counter-കളുടെ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും, അതിനെ ബ്രാന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി PPP മോഡലിലുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാന പാതകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള കോഫീ ഷോപ്പ്, ടോയ്ലറ്റ് എന്നിവ അടങ്ങുന്ന 'Take a Rest' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.